പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2618    13.03.2020 ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 45 മീറ്ററിൽ ദേശീയപാത വികസിപ്പിക്കാനും ചെലവിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കാനും തീരുമാനിച്ചിട്ടും ദേശീയപാത നിർമ്മാണ പ്രവർത്തനത്തിന് ഒട്ടും വേഗതയില്ലാത്ത സാഹചര്യമുണ്ടോ; | എ) | ഭൂമി ഏറ്റെടുക്കാനുള്ള ചെലവിന്റെ 25% സംസ്ഥാനം വഹിക്കാമെന്ന ധാരണാപത്രം ഒപ്പിട്ടതിനു ശേഷവും കാസർഗോഡ് ജില്ലയിലെ ടെണ്ടറിനുള്ള അംഗീകാരം നൽകാൻ കേന്ദ്ര സർക്കാരിന്റെ SFC യോഗം ചേരാത്തതിനാൽ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| ബി) ദേശീയ പാത വികസന പദ്ധതിക്കായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാര തുകയ്ക്കായി സമർപ്പിച്ച അപേക്ഷകൾ ചില മേഖല ഓഫീസുകളിൽ നിന്ന് മടക്കിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) യും സി) യും | ശ്രദ്ധയിൽപെട്ടിട്ടില്ല. RECTLARR Act 2013 പ്രകാരം നഷ്ടപരിഹാരത്തുക തീരുമാനിക്കുന്ന എല്ലാ പ്രൊപ്പോസലുകളും NHAI പരിശോധിച്ച് നടപടി സ്വീകരിച്ച് വരികയാണ്. |
| സി) ഇത് ഭൂമി ഏറ്റെടുക്കൽ നടപടിയെയും അതു വഴി ടെണ്ടർ നടപടികളെയും താമസിപ്പിക്കുമോ; | | |
| ഡി) സംസ്ഥാന വിഹിതം മുൻകൂറായി നിക്ഷേപിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെടുകയുണ്ടായോ; ഇല്ലെങ്കിൽ ഭൂമി ഏറ്റെടുക്കലും ടെണ്ടർ നടപടികളും വേഗത്തിലാക്കാൻ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | ഡി) | സ്ഥലമേറ്റെടുപ്പിന്റെ സംസ്ഥാന വിഹിതം മുൻകൂറായി നിക്ഷേപിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടില്ല. സ്ഥലമേറ്റെടുപ്പ് നടപടികൾ സുഗമമായി നടക്കുന്നുണ്ട്. തലപ്പാടി മുതൽ മുഴപ്പിലങ്ങാട് വരെയുള്ള ഭാഗം 5 പ്രോജക്ടുകളായി വേർതിരിച്ച് ബിഡ്ഡിംഗ് സ്റ്റേജിലാണ്. എൻ.എച്ച് 66 ന്റെ വികസന പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ബഹു.മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പ മന്ത്രിയും കൃത്യമായ ഇടപെടൽ കേന്ദ്രസർക്കാരുമായും ദേശീയപാത അതോറിറ്റി അധികാരികളുമായും നടത്തുന്നുണ്ട്. ഏറ്റവും ഒടുവിൽ 17/02/2020-ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അധികൃതരുമായി ചേർന്ന് പൊതുമരാമത്തു വകുപ്പ് മന്ത്രി ഒരു യോഗം ചേരുകയുണ്ടായി. നടപടിക്രമങ്ങൾ വേഗത്തിലാക്കണമെന്ന നിർദ്ദേശം ദേശീയപാത അതോറിറ്റിക്ക് പ്രസ്തുത യോഗത്തിൽ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ